പതിനൊന്നോ പന്ത്രണ്ടോ മാത്രമാണ്. അതുകൊണ്ടു വലിയ ഒരു സംഖ്യയും ഇതിലേയ്ക്കു ചിലവാക്കേണ്ടിവരികയില്ല. ഇപ്പോൾ അവർ ടൈപ്പിസ്റ്റായതുകൊണ്ട് ശിക്ഷ അനുഭവിക്കട്ടെ എന്നു വിചാരിക്കാതെ അവരെ സാധാരണ ക്ലാർക്കുമാരായിട്ടു ഉപകരിക്കുവാനുള്ള വഴിക്ക് മറ്റു ഗവൺമെണ്ടുകൾ ചെയ്തിട്ടുള്ളതുപോലെ ഇവിടേയും ചെയ്യണം. ന്യൂ —വ്യൂ, വ്യൂ —ഫ്യൂ എന്നിങ്ങനേയുള്ള സ്വരഭേദക്കുറികളോടുകൂടി ക്ലാർക്കുമാർ ഉയർന്നുപോകുന്നുണ്ട്. അതുയൊക്കെ ഇവരുടെ കായ്മത്തിൽ വേണമെന്നു ഞാൻ പറയുന്നില്ല. പത്തുകൊല്ലം സർവ്വീസായവർക്ക് ർ്യൂ —ന്യൂ കൊടുക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. ഗവൺമെണ്ടു് ഈ സംഗതിയിൽ ന്യായമായ ഒരു മറുപടി തന്നിട്ടില്ലാത്തതുകൊണ്ട് എനിക്കു പറയാനുള്ളതും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്; നിങ്ങൾക്കു കണ്ണുണ്ടെങ്കിൽ മനസ്സിലാക്കുക. എന്ന അപേക്ഷയോടുകൂടി ഈ പ്രമേയത്തെ വോട്ടിനിടണമെന്നു് അഭിപ്രായപ്പെടുന്നു.

Resolution put and carried.

As the following resolution was not moved it was considered withdrawn.

മിസ്റ്റർകെ. പി. വള്ളോൻ.—"ഈ രാജ്യത്തെ അധ്വാനത്തൊഴിലാളികളുടെ മഹാജന സഭകളുടെ സംഘടനയുണ്ടാക്കുവാൻ വേണ്ടി ജനസംഖ്യയനുസരിച്ചുള്ള ഓരോ തുകകൾ ഗ്രാന്റായി തന്നു സഹായിക്കുവാൻ വേണ്ടി ഈ സഭ ഗവൺമെണ്ടിനോടു ശുപാർശചെയ്തുകൊള്ളുന്നു."

10. Scheme to scale down Agricultural Debts.

മിസ്റ്റർടി. കെ. നായർ.—സാർ, ഇന്നലെ ഒരു പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചു പിൻവലിച്ചതും, ഇന്നു് ഒരു പ്രമേയം അവതരിപ്പിച്ചതിൽ ഒരു അനുദ്യോഗസ്ഥ സാമാജികന്റെ ഭൂരിപക്ഷം ലഭിയ്ക്കുവാൻ സാധിച്ചതുമായ അതേ സംഗതിക്കുവേണ്ടിതന്നെയാണ് ഈ റസല്യൂഷനും ഞാൻ അവതരിപ്പിക്കുന്നതു്. റസല്യൂഷൻ താഴെപറയുംപ്രകാരമാണ്. "This Council re-commends to the Government to formulate a scheme to scale down agriculturaldebts in proportion to the fall in prices."

ഇപ്പോഴത്തെ ഡിപ്രഷൻ, ഡിപ്രഷൻ എന്നു പറയുന്നതു വന്നതുടങ്ങിയതു മുതൽ ജനങ്ങൾ അനുഭവിച്ചുവരുന്നതായ കഷ്ടപ്പാടുകൾക്ക് ഒരു നിവാരണമാർഗ്ഗം വലതും ഇവിടെ പറഞ്ഞ കൂട്ടത്തിൽ ഒന്നാണിതു്. ഇങ്ങനെ രണ്ടുമൂന്നു പദ്ധതികളായിട്ടു ഞാനിവിടെ കൊണ്ടുവരുവാൻ കാരണം എന്താണെന്നുള്ളതു് സ്പഷ്ടമായ ഒരു സംഗതിയാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം റിട്രെഞ്ച്മെൻറു കമ്മിറ്റി വേണമെന്നു പറഞ്ഞതു് ഒരു കൺസ്ട്രക്ടീവ് പ്രൊപ്പോസലായിട്ടു മാത്രമാണ്. ഇവിടെ ഒരംഗം ഞങ്ങൾക്കാവശ്യമുള്ള കായ്ങ്ങൾ മാത്രമേ പറയുന്നുള്ളു. അല്ലാതെ ഇക്കായ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടി നിങ്ങളുടെ ശമ്പളംതൊട്ടുള്ള കറപ്ഷനൊന്നും ഞങ്ങൾ ആവശ്യപ്പെടുന്നില്ല. അതു കൂടാതെ കഴിക്കുവാനായിട്ടാണ് ഇങ്ങിനെ മൂന്നു പ്രതികളായിട്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അതായതു് ക. ഡെബ്റ്റർ കൺസീലിയേഷൻ ബോർഡു്, ഖ. വസ്തുക്കളിന്മേലുള്ള കോട്ട് ഡിക്രീസു്, ന. ഭൂമിയിലുള്ള ചാർജ്ജുകൾ നിലവരപ്പെടുത്തുക, എന്നിങ്ങനെയുള്ള മൂന്നുമാർഗ്ഗങ്ങളാണു്. ഇതിനെ ഒന്നുകൂടി വിവരിച്ചു പറയാം. ഇന്നലെ പറഞ്ഞതുപോലെ അബദ്ധംപറയാതിരിക്കുവാൻ വേണ്ടി പ്രസംഗിക്കുവാൻതന്നെയാണു വിചാരിക്കുന്നതു്.

രണ്ടു കൊല്ലം മുമ്പു് ഒരു ഇടപാടു ചെയ്തിട്ടുണ്ടെന്നു വിചാരിക്കുക. ഒരു പതിനായിരം രൂപായുടെ വസ്തുവിന്മേൽ അന്നു് ഒരു അയ്യായിരം രൂപായുടെ ഇടപാടു ചെയ്യുന്നതിനു് ആക്ഷേപമായൊരു വിരോധവുമില്ല. അന്നത്തെ സ്ഥിതിക്കു പതിനായിരം രൂപാ വിലയുണ്ടായിരുന്ന വസ്തുവിനു് ഇന്നു അയ്യായിരം രൂപായേ വിലയുള്ളൂ. മുമ്പിലത്തെ രീതിയിൽ ഇടപാടുചെയ്താൽ ബാക്കി അയ്യായിരം രൂപയുടെ ഭൂമി കൈവശം ഉണ്ടായിരിക്കുമായിരുന്നു. ഇന്നാണെങ്കിൽ ആ പതിനായിരം രൂപാ വസ്തുവും അയ്യായിരം രൂപായ്ക്കു് ഇടപാടു ചെയ്യേണ്ടിവരുന്നു. അങ്ങിനെ അയ്യായിരം രൂപായ്ക്കു് പതിനായിരം രൂപായുടെ വസ്തു വിട്ടുകൊടുത്താൽപോലും തീരാത്ത ഇടപാടുകളുണ്ടു്. ഇന്നത്തെ ഡിപ്രഷൻ കാരണം കഷ്ടപ്പാടനുഭവിക്കുന്നതു മുഴുവൻ ക്രഡിറ്റേഴ്സാണു്. മണിലെൻഡേഴ്സിനു മുഴുവൻ ഗുണമായിട്ടും തീർന്നിരിക്കുന്നു. ഇപ്പോൾ ഗവർമ്മെൻറിൽ നിന്നും കൊണ്ടുവന്നിട്ടുള്ള യൂസറിയസ് ലോൺസ് ബിൽ കൊണ്ടും മണിലെൻഡേഴ്സിനാണു് ഗുണമുണ്ടായിട്ടുള്ളതു. ക്രഡിറ്റേഴ്സിനു ആ ബിൽ ബാധകമാകുന്നില്ല. ആ ബുദ്ധിമുട്ടു് ഒന്നു കുറക്കുവാൻവേണ്ടിയാണു് ഞാൻ ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു്. മുമ്പു പതിനായിരം രൂപാ വിലയുള്ള വസ്തു ഇന്നത്തെ വിലയനുസരിച്ചു തീറു കൊടുക്കുമ്പോൾ അയ്യായിരം രൂപായ്ക്കു അവകാശമുള്ളു; അങ്ങിനെ ചെയ്യാതെ തക്കം തീരുകയുള്ളു എന്നു നിർബ്ബന്ധിക്കുന്നപക്ഷം വളരെ സങ്കടമാണു്. അതുകൊണ്ടു തല്ക്കാലം ഈ സംഗതിയിൽ ഇനിയെങ്കിലും അവർക്കു നഷ്ടമില്ലാത്തവിധംചെയ്യണമെന്നേ ഞാൻ അവശ്യപ്പെടുന്നുള്ളു. ഈ ഡിപ്രഷൻ എന്നും ഇങ്ങിനെ നിലനില്ക്കുകയില്ല; വരുന്നകൊല്ലം അല്ലെങ്കിൽ രണ്ടോ മൂന്നോ കൊല്ലംകൊണ്ടെങ്കിലും മാറുമെന്നു വിചാരിക്കുക. പണ്ടത്തെ തോതനുസരിച്ചു് ഇടപാടു ചെയ്തിട്ടുള്ളവർക്കു വീണ്ടും ആ തോതു വരുമ്പോൾ ഇടവാടുതീർക്കുകയാണെങ്കിൽ നഷ്ടമുണ്ടാകയില്ല. പതിനായിരം രൂപായുടെ വസ്തുവിൽ അയ്യായിരം രൂപാ ഇടപാടു ചെയ്തിട്ടുണ്ടെങ്കിൽ ആ തോതു വരുന്ന സമയം ഇടപാടു തീർത്താൽ വസ്തു ഉടമസ്ഥനു ബാക്കി വസ്തുവെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ഭൈവശമുണ്ടായിരിക്കും. എന്നാൽ ഇപ്പോഴത്തെ നിലക്ക് ഇടപാടുചെയ്യ ആൾക്കു കുറച്ചു അലോഹ്യം തോന്നാതിരിക്കയില്ല. അതിനു പ്രാക്ടിക്കൽ ഡിഫിക്കൽറ്റി പലതുമുണ്ടാകും. അതൊക്കെ പരിഹരിക്കുവാൻവേണ്ടി ഒരു സ്കീം തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതു മുതല ഗവമ്മെൻറിനുണ്ട്. സ്കീം എന്തിനാണു്, ബിൽനടപ്പിൽ വരുന്നതെല്ലാം എന്നു പറയുമായിരിക്കാം. അതിനെ സംബന്ധിച്ചും അല്പമൊന്നു പറയാം. ഞാൻ സാധാരണയായിട്ടു പത്രമാനപത്രങ്ങൾ വായിക്കാറുണ്ടു്. അതിൽ ഇതിനനുസരണമായ ഒരു ബിൽ ഗവമ്മെൻറിൽനിന്നും ഇൻറ്റഡ്യൂസ് ചെയ്യാൻ പോകുന്നുവെന്നോ, ആ ബിൽ ഇൻകംപ്ലീറ്റാണെന്നോ മറേറാ ആണു് എഡിറ്റോറിയൽ എഴുതിക്കാണുന്നതു്.

പുറമോട്ടു് ഏതുപ്രകാരം ഇടപാടുചെയ്യുന്ന ക്രഡിറ്റോഴ്സിനു് ഇപ്പോഴത്തെ ഈ ബിൽ ബാധകമായിരിക്കയില്ല. അതുകൊണ്ടു പുനരാലോചനക്കു വേണ്ടി ഒരു സ്കീം തയ്യാറാക്കണമെന്നു് ഒരു പ്രമേയം അയച്ചുകാണാത്തതിനാൽ ഗവമ്മെൻറ് ഈ റസല്യൂഷൻ അക്സപ്റ്റു ചെയ്യുന്നില്ല എന്നെല്ലാം പറയുന്നതിൽ അർത്ഥമില്ല. സ്കീം നടപ്പിൽ വരുത്തുവാനുള്ള ഘട്ടത്തിൽ അതിനെപ്പററി ആലോചിച്ചാൽ മതിയെന്നാണു് ഗവമ്മെൻറു പറയുന്നതു്.

ഉദ്ദേശം പതിനായിരം രൂപാ വിലവരുന്ന വസ്തുക്കൾ അയ്യായിരം രൂപായ്ക്കു വേണ്ടി ഇടപാടുചെയ്താൽ വളരെ നഷ്ടം ഉണ്ടാകുന്നുണ്ടെന്നസംഗതി ഗവമ്മെൻറിനെ ധരിപ്പിക്കുവാനും, അതിനൊരു നിവാരണമുണ്ടാക്കുവാനും വേണ്ടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്.

Mr. T.A. Ramachandra Ayyar.—I second it.

Mr. K.Achyuta Menon.—Sir, I would like to explain the position of the Government clearly on this resolution. We are at one with the mover on several matters. I do not disagree with the Hon'ble Mover when he said that there has been great depreciation of land values, and that consequent upon the unprecedented fall in prices. We don't also disagree with him when he says that there should be concerted action on the part of all concerned to work out a scheme to reduce as far as possible the agricultural indebtedness of the State. Government are desirous of doing all that they possibly can in that direction. The only difficulty is we are asked to formulate a scheme to scale down agricultural debts in proportion to the fall in prices without our being helped with necessary data. I am found fault with for having on a previous occasion stated that we are always in the habit of welcoming constructive proposals and not otherwise. The Hon'ble Member thinks that this is a constructive proposal. He asserted that he is not now open to the charge that he is not bringing in constructive proposals. There is agricultural

LIBRARY ARCHIVES Kerala Legislative Assembly

indebtedness in the State. There is unprecedented fall in prices. The first part of the resolution is to scale down the debts. This is alleged to be the constructive proposal. Government are willing to hear all the constructive proposals. But this is not the kind of constructive proposals that will help the Government. Anything in the nature of a constructive proposal like the Agriculturists' Relief Bill can be understood even if it has to be opposed. It is open to all the Hon'ble Members of this House to place them before the Government. We can discuss them in detail and see whether they will solve the problem. But a mere invitation to the Government to formulate a scheme to scale down agricultural indebtedness because of fall in prices is not surely helping the Government constructively. The problems of agricultural indebtedness, surely the Hon'ble Member will admit, are many and varied. The cause of agricultural indebtedness do not lie on the surface. We have to dive deep to find out what exactly has caused agricultural indebtedness throughout the State. Before we find out the cause of the disease it is not surely safe to prescribe remedies. That will be symptomatical treatment and not functional treatment. I think all will agree that we have first of all to understand the causes of this agricultural indebtedness.

Mr. T. K. Nayar.—What about the economic survey, that eucalyptus?

Mr. K. Achyuta Menon.—That is what I am coming to. I can retort that the 'eucalyptus' now prescribed is no better. I have no quarrel with the Hon'ble Member. We are both agreed upon the same matter and that some method should be devised to get over this indebtedness. Anything in the shape of a considered scheme will be welcome to the Government. Of course until then Government must act on its own account. Government are doing it. That is why the economic survey is started. How else are we to find out the causes of this indebtedness?

Mr. George Chakyamuri.—We have quarrel only with the endless nature of the survey.

Mr. K. Achyuta Menon.—That is another matter. But in the absence of any other proposal to enable the Government to garner in the materials necessary it is not enough to point out that that is not the method. In fact no better method to find out the causes of the indebtedness of the State can be devised. How are we again to differentiate between ordinary indebtedness and rural indebtedness? Before recommendations in that direction are placed before the Government it is no use saying that you are taking unconscionable time over the survey. What the Government can do in the meantime is to introduce palliative measures to tide

LIBRARY ARCHIVES Kerala Legislative Assembly

over the period during which these materials are gathered for the formulation of a scheme. Government have introduced the Usurious Loans Bill. It has appointed a committee to consider whether it is acceptable in that form. It has given an advance of Rs. 5 lakhs for the present to enable the debtors to repay their charged debts.

Mr. K. M. Ibrahim.—Is it sufficient?

Mr. K. Achyuta Menon.—If these are not sufficient, I say the insufficiency is not made up by an invitation to formulate a scheme to remove rural indebtedness, because there is fall in prices. Suggest a scheme. Some schemes are coming to be discussed day after to-morrow. Debt Conciliation Bill, and other bills are going to be discussed. The principles of some of these the Government are going to consider. It is for us to take concerted action to find out what the scheme ought to be until the materials are placed before the Government, to argue that the steps taken are insufficient and blame the Government for not thinking of schemes about which Members themselves have not thought is really not advancing the resolution to any extent. We are willing to adopt any scheme, that is brought forward. All that we say is we have not been given your suggestions or schemes, with any detail necessary to understand it.

Mr. K. M. Ibrahim.—The Bhavanagar Scheme.

Mr. K. Achyuta Menon.—We have heard of it. We do not know Bhavanagar, or its scheme thoroughly. Many second-hand theories from the philosopher's armchair are now being advanced without due advertence to the surrounding circumstances. This is what happens in the case of people who seek to apply socialistic and communistic principles everywhere and in every set of circumstances.

Deputy President.—You need not answer to all these.

Mr. K. Achyuta Menon.—I am not going to answer and I bow to your ruling especially because it is in my favour. I would request the Hon'ble Member to give us his proposals on the scheme, what exactly he would like to see embodied in that scheme to get over the agricultural indebtedness. I would request every Member to give us schemes and not find fault with the Government for an alleged inability, which they themselves share. Any reasonable suggestions by way of devising comprehensive schemes to tide over this agricultural indebtedness we are prepared to consider. Beyond that I fail to see that can be expected of the Government. Government is willing to consider schemes. Government are gathering materials for formulating a scheme. Definite proposals may be placed before the Government and we will give our best consideration. I think

LIBRARY ARCHIVES Kerala Legislative Assembly

the matter ought to stop there. I venture to think, in all humility that that explanation will satisfy the Hon'ble Members of this House

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ ഈ നിശ്ചയത്തിനു് അനുകൂലിച്ചു വോട്ടു കൊടുക്കുവാനാണു് നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഇതിനെ എതിർക്കയാണു വേണ്ടതെന്നും എനിക്കു തോന്നാതിരിക്കുന്നില്ല. അതിനു് കാരണമില്ലാതില്ല. ഗവൺമെണ്ടു് കടക്കാരെ രക്ഷിക്കുവാൻ സാരമായി ഒന്നും ചെയ്യാൻ ഭാവമില്ല. ആ സ്ഥിതിക്കു് അങ്ങിനെ സാരമായി എന്തെങ്കിലും ചെയ്യുവാൻ ഗവൺമെണ്ടു് നിർബന്ധിതമാകത്തക്ക സ്ഥിതിഗതി രാജ്യത്തു വേഗം വരികയാണു നല്ലതു്. ചില്ലറയായ അനുകൂലിക്കുന്നതു മൂലം ജനങ്ങൾ അടങ്ങിയിരിക്കുവാൻ ഇടവന്നാൽ മേൽപറഞ്ഞ സ്ഥിതിഗതി രാജ്യത്തു വരുവാൻ വളരെ താമസിക്കും. അതുകൊണ്ടാണു് ഈ വക നിശ്ചയങ്ങളെ എതിർക്കുവാൻ തോന്നിപ്പോകുന്നു എന്നു് ഞാൻ പറഞ്ഞതു്.

ഈ നിശ്ചയത്തിൽ ഒരു സ്കീമും കാണിച്ചിട്ടില്ലെന്നു ഗവൺമെണ്ടു തെറ്റിദ്ധരിച്ചിരിക്കുന്നു. ഡെറർ റെഡക്ഷൻ (കടം വെട്ടിച്ചുരുക്കൽ) ആണു് ഈ നിശ്ചയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. അതാണു് ഇതിലെ സ്കീം. ഒരു സ്കീമിന്റെ ഔട്ട് ലൈൻ ഇതിൽ കൊടുത്തിട്ടുണ്ടു്. അതിന്റെ ഡീറ്റെയിൽസ് ഗവൺമെണ്ടു് തീരുമാനിച്ചാൽ മതി.

നിശ്ചയത്തിലെ സംഗതികൾ ചാരുകസേര തത്വശാസ്ത്രമാണെന്നും റഷ്യയിൽ നിന്നും മറ്റും കടം വാങ്ങിയവയാണെന്നും പോഷ്കാർ പറയുകയുണ്ടായി. അതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. റഷ്യയിലും മറ്റും ചാരുകസേര തത്വശാസ്ത്രങ്ങളല്ല ഇപ്പോൾ നടക്കുന്നതു്. അവിടങ്ങളിൽ ജനങ്ങളുടെ പട്ടിണി പരിഹരിക്കുന്നതിനുള്ള പ്രായോഗികമായ കായ്പരിപാടികളാണു നടക്കുന്നതു്. ഇവിടെ പഴഞ്ചൻസമ്പ്രദായങ്ങളിൽ കിടക്കുന്ന നമുക്കു് അങ്ങിനെയുള്ള സംഗതികളെപ്പറ്റി ചിന്തിക്കാനും മറ്റും ധൈര്യമില്ലാത്തതു കൊണ്ടാണു് നമ്മൾ അതുകളെ പുച്ഛിക്കുന്നതു്. ഈ നിശ്ചയത്തിലും വളരെ പ്രായോഗികമായ ഒരുകായ്മാണു് നിർദ്ദേശിച്ചിട്ടുള്ളതു്.

ഗവൺമെണ്ടു മെമ്പർമാർക്കു് ഇപ്പോൾ എന്തെങ്കിലും തല്ക്കാലതടകം പറഞ്ഞു കായ്മ നീട്ടിക്കൊണ്ടുപോകണമെന്നേ ഉദ്ദേശമുള്ളൂ. തല്ക്കാലം ഇതുകൊണ്ടു വലിയ ദോഷമില്ലായിരിക്കാം. എങ്കിലും അതു ഭാവിതലമുറയോടു നമ്മൾ ചെയ്യുന്ന ഒരു വലിയ അപരാധമായിരിക്കും ഇപ്പോൾ സ്ഥിതിഗതികൾ ഇങ്ങിനെ തന്നെ നീണ്ടുനിന്നാൽ നമ്മുടെ സന്താനങ്ങളുടെ കാലത്തെങ്കിലും ആളുകൾ തമ്മിൽ തലയടിച്ചു് ഉടക്കുന്ന സംഭവങ്ങൾ ഇവിടെ വരാതിരിക്കയില്ല. ഫ്രാൻസിലും അമേരിക്കയിലും മറ്റും നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

എന്താണിപ്പോൾ കാണുന്നത്. അതുപോലെയുള്ള സംവേങ്ങൾ ഇവിടേയും ഉണ്ട്. അവിടത്തെ മാതിരി മനുഷ്യർ തന്നെയാണ് ഇവിടേയും ഉള്ളത്. ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരമുണ്ടാക്കാതെ ഓരോ സമാധാനങ്ങൾ പറഞ്ഞുനിന്ന് ചെയ്യേണ്ട ആവശ്യമായ കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകുന്നതു ബുദ്ധിഹീനതയായിരിയ്ക്കുമെന്ന് ഗവമ്മെണ്ടിന് അറിയേണ്ടതാണ്. ഇപ്പോൾ ഗവമ്മെണ്ട് വല്ലതും ചെയ്യണമെന്നു വിചാരിച്ചാൽ അതു കൂടി നടക്കാത്ത വിധമതകളും രാജ്യത്തു വന്നിരിയ്ക്കുന്നു.

ഗവമ്മെണ്ട് ചെയ്യുവാൻ ഉദ്ദേശിയ്ക്കുന്ന കാര്യങ്ങൾക്കു പ്രതിബന്ധമുണ്ടാക്കുവാൻ ചിലശക്തികൾക്കു സാധിക്കുന്നു. അന്യായപലിശ ബിൽതന്നെ ഗവമ്മെണ്ട് ഉദ്ദേശിച്ച മാതിരിയല്ല നിയമസഭയിൽ വന്നിരിക്കുന്നതെന്നറിയുന്നു. കൃഷിവായ്പ കൊടുപ്പാൻ ഗവമ്മെണ്ട് അഞ്ചു ലക്ഷം ഉറുപ്പിക നീക്കിവെച്ചിട്ടുള്ളതുകൊണ്ട് രാജ്യത്തു വലിയ ഗുണമുണ്ടാകയില്ല. അതു കടലിൽ കായം കലക്കുന്നതുപോലെയിരിക്കും. അഞ്ചു ലക്ഷം ഉറുപ്പിക കൊണ്ട് ഈ രാജ്യത്തെ കടക്കാർക്ക് ഒരു രക്ഷയും വരികയില്ല. ഇതെല്ലാം ഓർത്തിട്ടാണ് ഈ നിശ്ചയത്തിൽ പറയുന്ന മാതിരിയെങ്കിലും വല്ല കടപരിഹാരപദ്ധതിയും ഗവമ്മെണ്ട് എടുക്കണമെന്നു പറയുന്നത്.

മിസ്റ്റർ ജോജ്ജു ചാക്കാമുറി—സർ, ഈ വിഷയത്തെ സംബന്ധിച്ച് രണ്ടുവാക്കു സംസാരിച്ചാൽകൊള്ളാമെന്ന് എനിക്കു അഭിപ്രായമുണ്ട്. കുറെക്കാലമായിട്ടു ജീനബാധയിൽപെട്ട ആളുകളുടെ കാര്യത്തെപ്പറ്റി വളരെ ശക്തിയായി ബഹുമാനപ്പെട്ടമെമ്പർമാർ ഈ കൌൺസിലിൽ വാദിക്കുന്നുണ്ട്. ജീനബാധപിടിച്ച ആളുകൾധാരാളമായി എന്റെ നിയോജകമണ്ഡലത്തിലുമുണ്ട്. അതുകൊണ്ട് അവരെ എത്രത്തോളം ബഹുമാനിക്കേണ്ടതും സഹായിക്കേണ്ടതുമായ കടമ എനിക്കുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകൾ ഇവിടെ പറഞ്ഞ സംഗതിയിൽ വളരെ അർത്ഥമുണ്ടെന്നാണ് തോന്നുന്നത്. ജീനബാധിതരെപ്പറ്റി പറയുമ്പോൾ മോറൊട്ടോറിയം എന്നോ 5 years plan എന്നോ ഭവനർ സ്കീമെന്നോ, ഓരോ വാക്കുകൾ പറയുകയുണ്ടായി. ഒടുവിൽ അവിടെ അങ്ങിനെയാണ്; ഇവിടെ ഇങ്ങിനെയാണ്; എന്നൊക്കെപറഞ്ഞു ഒടുവിൽ വേണ്ടെന്നുംവെച്ചു. ഈ ഭവനർ സ്കീം എന്നു പറഞ്ഞാൽ എന്താണെന്ന് ഒന്നു പറഞ്ഞു കേട്ടാൽ കൊള്ളാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഭൂരിപക്ഷ സംരക്ഷണത്തിനുതകുന്ന ഒരു സ്കീമാണ്.

മിസ്റ്റർ ജോജ്ജു ചാക്കാമുറി.—പ്രത്യക്ഷത്തിൽ നോക്കിയാൽ വളരെ അധികമാളുകൾ നാടുമുഴുവനും ജീനബാധപിടിച്ചു കഷ്ടപ്പാട് അനുഭവിക്കുന്നുണ്ട്. അതു് എനിക്കു പൂർണ്ണമായിട്ടുതോന്നു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഈ സന്ദർഭത്തിൽ അയ്യായിരം രൂപാ കിട്ടുവാനുള്ള ഒരാൾക്കു് ഇരുപത്തയ്യായിരം രൂപാ ആക്കുവാനുള്ള വിധി ഗവമ്മെണ്ടു കണ്ടുപിടിക്കുന്നു. എന്നാൽ ഈ കടം കിട്ടുവാനും കൊടുക്കുവാനുമുള്ളവർ രണ്ടുകൂട്ടരും ഗവമ്മെണ്ടിന്റെ പ്രജകളാണു്. കിട്ടുവാനുള്ളവക്കു് കൊടുക്കേണ്ടതുക വെട്ടിക്കുറച്ചാൽ അതും സങ്കടമാണു്. പരമാർത്ഥത്തിൽ ഇപ്പോഴത്തെ ഡിപ്രഷൻകാലത്തു് ആളുകളെ സഹായിക്കുവാൻവേണ്ടി വേറെഎന്തു പ്രമേയം തന്നെകൊണ്ടുവന്നാലും അതിനെ പിൻതാങ്ങുവാൻ ഞാൻ തയ്യാറാണു്. അങ്ങിനെ എന്തെങ്കിലും ആലോചിച്ചു് അതു പ്രവൃത്തി രൂപത്തിൽ കൊണ്ടുവരുന്നതു് എനിക്കു സന്തോഷവുമാണു്. അതുകൊണ്ടു് എന്നെ ആരും തെറ്റിദ്ധരിക്കരുതു്. മാപ്പിളമാരിൽ ജ്ഞാനബാധിതരായ ജാതിക്കാർ വേറെ, നായന്മാരിൽവേറെ, മറ്റുള്ളവർ വേറെ എന്നുള്ള വ്യത്യാസമൊന്നുമില്ല. ഇപ്പോൾ വസ്തുക്കൾക്കും വിലയില്ല. വാങ്ങുവാൻ പണവുമില്ല, കൊടുത്തതു പിരിഞ്ഞുകിട്ടുവാനും നിവൃത്തിയില്ലഎന്നുള്ള നിലയിലാണു്. അസഹ്യതയ്ക്കു് ഇങ്ങിനെ ഒരുപക്ഷംമാത്രംപിടിച്ചു സംസാരിക്കുന്നതുകൊണ്ടു് നമുക്കു പ്രായോഗികമായിട്ടു യാതൊരു ഫലവും സാദ്ധ്യമാകുവാനില്ല. കയ്യിൽനിന്നു രൊക്കം പണംകൊടുത്തിട്ടു് അവസാനത്തിൽ അതു മുഴുവൻതിരിച്ചുകിട്ടുന്നില്ല എന്ന നിലവരുത്തിയാൽ വളരെ സങ്കടമാണു്. ആ നില ഒരിക്കലും ഈ രാജ്യത്തു വരുത്തുവാൻ പാടില്ല എന്ന അഭിപ്രായത്തോടുകൂടി ഞാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടു മെമ്പറോടു യോജിക്കുന്നു.

Deputy President.—You have to address the Chair when you speak.

Mr.George Chakyamuri.—Yes, Sir, With due respect I may say that it does not mean that I should not look this side or that.

Deputy President.—You should always address the Chair.

മിസ്റ്റർ ജോർജ്ജു ചാക്യാമുറി.—ആ തരത്തിൽ സംസാരിക്കുവാൻ വിഷമമുണ്ടാകുന്നതുകൊണ്ടു് തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—റവന്യൂമെമ്പർ അവർകളുടെ പ്രസംഗത്തിനു് എന്റെ മനഃസ്നേഹിതനായ മിസ്റ്റർ അയ്യപ്പന്റെ പ്രസംഗം ധാരാളം മറുപടിയായിട്ടുള്ളതുകൊണ്ടു് അതിനെക്കുറിച്ചു് അധികം പറഞ്ഞു ഞാൻ ഈ സഭയെ മുഷിപ്പിയ്ക്കുണമെന്നു വിചാരിക്കുന്നില്ല. എനിക്കുമുമ്പു പ്രസംഗിച്ച എന്റെഅനന്യസ്നേഹിതൻ മിസ്റ്റർ ചാക്യാമുറി ചിലസംഗതികൾ ഇവിടെ പറയുകയുണ്ടായി. അതിനു് സ്വല്പം മറുപടി ഇവിടെ പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിനുള്ള ഒരു പ്രധാനവിഷമം ഭവന

LIBRARY ARCHIVES Kerala Legislative Assembly

ഗർ സ്കീമെന്താണെന്നു മനസ്സിലായിട്ടില്ല എന്നുള്ളതാണ്. ഭവനഗർ സ്കീം പോലെയുള്ള ഒരു സ്കീമോ അതിനെ അനുകരിച്ചുകൊണ്ടുള്ള മറേതെങ്കിലും ഒരു സ്കീമോ കൊച്ചി ഗവൺമെന്റിൽനിന്നും സ്വീകരിച്ചു നടപ്പിൽ വരുത്തണമെന്നുള്ള ഒരു പ്രമേയം ഞാൻ മുമ്പു ഈ നിയമസഭയിൽതന്നെ കൊണ്ടുവന്നിട്ടുണ്ട്. അന്നു് അതു് അനുഭോഗസ്ഥ പക്ഷത്തുനിന്നും യാതൊരു എതിർപ്പുംകൂടാതെ സർവ്വസമ്മതമായി പാസാക്കുകയുണ്ടായി. അന്നു് എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട പള്ളുരുത്തി മെമ്പറും ഈ സഭയിൽ ഉണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. അതിനെക്കുറിച്ചു് അനുകൂലമായും, ഗവൺമെന്റുഭാഗത്തുനിന്നും പ്രതികൂലമായും ധാരാളം പ്രസംഗങ്ങൾ അന്നു് ഇവിടെ നടക്കുകയുണ്ടായി. തദവസരത്തിൽ ഞാൻ ഇവിടെ പറഞ്ഞതു് പക്ഷെ അദ്ദേഹം മറന്നുപോയിരിക്കാം. ഇത്ര പ്രധാനങ്ങളായ പൊതുകാര്യങ്ങളെക്കുറിച്ചു് ഓർമ്മിച്ചുകൊണ്ടിരിക്കുവാനുള്ള ശ്രദ്ധയും സന്നദ്ധതയും അദ്ദേഹത്തിനില്ലാതെപോയതിൽ എനിക്കു വളരെ വ്യസനമുണ്ടു്. ഈ ഭവനഗർ സ്കീമിനെപ്പറ്റി അന്നു ഞാൻവളരെ വിശദമായി പറഞ്ഞിരുന്നു. പ്രസ്ഥാവത്തിലിരിക്കുന്ന സ്കീമും അന്നത്തെ പ്രമേയവും ഒരടിസ്ഥാനത്തിന്മേൽതന്നെയാണു നില്ക്കുന്നതു." ഇപ്പോൾ ഉല്പന്നങ്ങൾക്കുള്ള വിലക്കുറവുകൊണ്ടു കടക്കാർക്കു മുമ്പുകിട്ടിവന്നിരുന്ന പലിശ പോരിയുന്നില്ല. അതുകൊണ്ടു് ഉല്പന്നങ്ങളുടെ വില അനുസരിച്ചുകൊണ്ടു് പലിശയിലും പലിശയ്ക്കു പലിശയിലും അതുപലിശയിലും മറ്റുമെല്ലാം വിട്ടുവീഴ്ചകൂടാതെ പിരിച്ചുവരുന്നതിനു് ഒരു വ്യവസ്ഥാസംവരുത്തി കടം വെട്ടിച്ചുരുക്കേണ്ടതു് ആവശ്യമാണെന്നുള്ള ഒരു സംഗതിയാണു് ഭവനഗർസ്കീംകൊണ്ടു സാധിച്ചിട്ടുള്ളതു. വളരെ കൂടുതലുണ്ടായിരുന്ന പലിശ ചിലതു പകുതിയാക്കിയും ചിലതു കാൽഭാഗമാക്കിയും കുറച്ചിട്ടുണ്ടു്. കൂടാതെ മുതലിൽനിന്നുതന്നെയും ചില ഓഹരികൾ വെട്ടിച്ചുരുക്കുകയുംചെയ്തിട്ടുണ്ടു്. ഇത്തരത്തിൽ കടം വെട്ടിച്ചുരുക്കുന്ന ഒന്നാണു് ഭവനഗർസ്കീം എന്നു പറയുന്നതു്. മധ്യതരക്കാരും താഴ്ന്നതരക്കാരുമായ കർഷകന്മാരെ ഇപ്രകാരമുള്ള വ്യവസ്ഥയായ പല ഉപകാരങ്ങളുംചെയ്തു് അവരെ രക്ഷിച്ചിട്ടുണ്ടെന്നു വസ്തുതപത്രങ്ങളിലും മറ്റും നോക്കിയാൽ മനസ്സിലാക്കാമായിരുന്നു. അതു് അദ്ദേഹം മനസ്സിലാക്കാത്തതു് എന്റെ തെറ്റല്ല.

ഇനി മോറൊട്ടോറിയം എന്ന പദത്തിന്റെ അർത്ഥംചോദിച്ചു. ഈ മന്ത്രിപദങ്ങളെല്ലാം ഉപയോഗിച്ചു ലഹളകൂട്ടുക എന്നു് അദ്ദേഹം പറയുന്നതിൽ എനിക്കു അത്ഭുതമില്ല. മോറട്ടോറിയം അറിയാൻപാടില്ലാത്ത ചീഫ്കോട്ടു് വക്കീലന്മാരും ഉണ്ടാവാം. നിർബ്ബന്ധനടപടികൾ നിറുത്തിവെക്കണമെന്നുള്ളതാണു് മോറട്ടോറിയം പ്രശ്നം എന്നു് അദ്ദേഹം ഇപ്പോഴെങ്കിലും ധരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോജ്ജു ചാക്യാമുറി.—ഇപ്പോഴത്തെ കാര്യമല്ല പറഞ്ഞതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇപ്പോഴെങ്കിലും എന്റെറെപ്പ സംഗതിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ മേറൊട്ടോറിയം എന്താണെന്നു മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു.

പിന്നെ അദ്ദേഹം പറഞ്ഞതു വേറെ ഒരു ന്യായമാണു്. ഇതിൽ രണ്ടു കക്ഷികളുണ്ടു്. കടം കൊടുക്കുന്ന കക്ഷിയും വാങ്ങുന്ന കക്ഷിയും; ഈ കടം കൊടുക്കുന്ന കക്ഷിക്കു് വല്ല രക്ഷയുംകൂടിനോക്കുണ്ടേ എന്നദ്ദേഹം ചോദിച്ചു. ഇവിടെ ആരും യാതൊരു കടവും തിരിച്ചുകൊടുക്കണ്ട എന്നുള്ള ഒരു നിയമം വേണമെന്നു് ആവശ്യപ്പെടുന്നില്ല. പലിശയിലും അതുപലിശയിലും മറ്റുമുള്ള ഭീമമായവർദ്ധനയെ ഇന്നത്തെ ഉല്പന്നങ്ങളുടെ വിലയിടിവു് അനുസരിച്ചു് വെട്ടിച്ചുരുക്കുവാൻവേണ്ടിയുള്ള ഒരു സ്കീം നടപ്പാക്കണമെന്നാണു് ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ചില വ്യക്തികൾക്കു് ചില്ലറ നഷ്ടങ്ങൾ ഉണ്ടായേക്കാം. അവർ അതു് സഹിക്കേണ്ടതുമാണു്. അവർ ഈ നഷ്ടം സഹിക്കണമെന്നു പറയുന്നതിനുള്ള കാരണം ഇപ്പോഴത്തെ കാലസ്ഥിതിയ്ക്കു് കടക്കാരെക്കൊണ്ടു കൊടുത്തു തീർക്കുവാൻ സാദ്ധ്യമല്ലാതിരിക്കുന്നതുകൊണ്ടാണു്. ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു് കഷ്ടകാലമായ പഴയ തോതനുസരിച്ചു പലിശ കൊടുക്കുവാൻ സാധിക്കുന്നില്ല. ഈ പണം കടം കൊടുത്തിട്ടുള്ളവർ ഒരു ന്യൂനപക്ഷം വ്യക്തികൾ മാത്രമാണു്. അവരുടെ എണ്ണം നോക്കിയാൽ നൂറിലൊരു രണ്ടോ മൂന്നോ പേരെയുണ്ടാകയുള്ളൂ. ബാക്കിയുള്ള നൂറിലധികം തൊണ്ണൂറേഴുപേരും കടംകൊണ്ടും അതിപലിശകൊണ്ടും ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും കഷ്ടപ്പെടുന്നവരാണു്. ഇങ്ങിനെയുള്ള ഒരു വലിയ ഭൂരിപക്ഷത്തിനുവേണ്ടി ഒരു ന്യൂനപക്ഷം വ്യക്തികൾ ലാഭത്തിൽനിന്നു നഷ്ടമനുഭവിക്കണമെന്നുള്ളതു് എത്രയും ലഘുവായ ഒരു സംഗതിയാണു്. താഴം രാജഭരണസംബന്ധമായുള്ള ഒരു ഭരണമീമാംസയുടെ അടിസ്ഥാനമാണു്. ഇങ്ങിനെയുള്ള ഒരു ഭരണമീമാംസയെ അടിസ്ഥാനപ്പെടുത്തി ഭൂരിപക്ഷം സുഖത്തിനുവേണ്ടി ഒരു ന്യൂനപക്ഷം വ്യക്തികൾ നഷ്ടം അനുഭവിക്കണമെന്നു പറയുന്നതു് അത്ഭുതത്തിനവകാശമില്ലാത്ത ഹൃദയശൂന്യമായ ഒരു സംഗതികൂടിയാണെന്നു പറഞ്ഞുകൊള്ളട്ടെ. ഇപ്പുറത്തുള്ള ധനശാസ്ത്രവിശാരദന്മാരായ ചിലർപോലും ഈ വിഷയത്തിൽ പങ്കെടുക്കാതെയിരിക്കുന്നതു് എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. മണിയുടെ 'പർചൈസിങ്ങു് വാല്യൂ' ഇപ്പോൾ വളരെകൂടിയെന്നും മറ്റും അവരുടെ ഭാഷയിൽതന്നെ പറഞ്ഞുകളയാം. ഉല്പന്നങ്ങളുടെ വിലക്കുറവനുസരിച്ചു കടവും പലിശയും ഇവിടുക്കുറക്കണമെന്നു പറയുന്നതിൽ യാതൊരു യുക്തിഭംഗവും ഉണ്ടെന്നു തോന്നുന്നില്ല. ഒരു നാലഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തിനു് മുമ്പുള്ള ഒരു രൂപായുടെ സ്ഥാനത്തു ഇന്നു നാലണ മതിയെന്നാണു വന്നിരിക്കുന്നതു്. ഇന്നത്തെ നാലണക്കു അഞ്ചോ കൊല്ലത്തിനു മുമ്പുള്ള ഒരു രൂപായുടെ വിലയുണ്ടു്. അതുകൊണ്ടു് ഭൂമിയുടെ വില വളരെ ഭീമമായിരിക്കുന്നുവെന്ന തത്വത്തിന്മേൽ കടക്കാരുടെ കടങ്ങളും വെട്ടിച്ചുരുക്കണമെന്നുള്ളതിൽ ശരിയായ ന്യായമുണ്ടെന്നു നിങ്ങളും മറ്റും മതിയാകുന്നതാണു്.

ഭവനഗർ സ്കീമിനെക്കുറിച്ചു പറയുമ്പോൾ റഷ്യയേയും മറ്റും സ്വപ്നം കാണേണ്ട ആവശ്യമില്ല. ഭവനഗർ ഇവിടത്തെപ്പോലെ ഒരു മൊണാർക്കി (Monarchy) രാജ്യമാണു്. റഷ്യയല്ല, ഇൻഡ്യയിലുള്ള മറ്റൊരു നാട്ടുരാജ്യത്തിന്റെ മാതൃകയാണാവശ്യപ്പെടുന്നതു്. ഭവനഗർ സ്റ്റേറ്റിലെപ്പോലെ ഇവിടേയും വേണമെന്നു പറയുമ്പോൾ വെറുതെ, ബോൾഷേവിസം, സോഷ്യലിസം, റഷ്യ, എന്നെല്ലാം സ്വപ്നം കണ്ടാൽ ആ വക സുഖക്കേടിനു് യാതൊരു മരുന്നുമില്ല. അതുകൊണ്ടു് ഇനിയെങ്കിലും എന്റെ സഹോദരന്മാർ ഈ വക വിഷയങ്ങളിൽ വേണ്ടത്ര ദൃഷ്ടാന്തയോടുകൂടി ശ്രദ്ധിക്കണമെന്നു എനിക്കൊരു അപേക്ഷയുണ്ടു്.

കാളത്തേംപോലെയുള്ള എക്കണോമിക്കു സവ്വെ ഏറ്റിട്ടു എന്തെങ്കിലുമായിക്കൊള്ളട്ടെ; ഇപ്പോൾ നാട്ടിനും നാട്ടുകാക്കും വളരെ അത്യാവശ്യമായിരിക്കുന്ന ഒരു സംഗതി ചെയ്യണമെന്നാണു് ഇവിടെ അപേക്ഷിച്ചിട്ടുള്ളതു്. ഇൻഡ്യാ രാജ്യത്തിലുള്ള ഒരു നാട്ടുരാജ്യമാണു കൊച്ചീരാജ്യം. അതിലെ കോപ്പറേറ്റിവു സംബന്ധിച്ചിടത്തോളം ഇവിടേയും പുറപ്പാടു പൊതുവായി സാമ്യമുള്ള പല സംഗതികളും ഉണ്ടു്. ഇവിടെയും അവിടെയും ഒരുപോലെ കാണുന്ന രോഗത്തിനു് അവിടെ ചെയ്ത ചികിത്സ ചെയ്യാൻ എന്താണു വിരോധം? മാതൃകക്കു വിലയില്ലേ? എല്ലാത്തിനും അവസാനമില്ലാത്ത എക്കണോമിക്കു സവ്വെ കാത്തുകൊണ്ടിരുന്നാൽ അതു വളരെ കഷ്ടമാണു്. ഇത്തരം സംഗതികൾ ആലോചനക്കു വരുമ്പോൾ ഗവർമ്മെണ്ടിൽനിന്നും ന്യായമായി കാര്യങ്ങൾ മനസ്സിലാക്കുകയും ഭൂരിപക്ഷം പ്രജകളുടെ ക്ഷേമത്തെ ലാക്കാക്കിയുള്ള പ്രമേയങ്ങളെ സ്വീകരിക്കയും ചെയ്യേണ്ടതാണു്. ഞങ്ങളുടെ ഒരു പ്രമേയത്തിനു് നൂറു സവ്വേകളേക്കാൾ ശക്തിയുണ്ടെന്നു നിങ്ങൾ മനസ്സിലാക്കണം. അതുകളെ അധികകാലം വിഴുങ്ങിക്കുവാൻ ഞങ്ങൾ സമ്മതിക്കയില്ല; നിങ്ങളെക്കൊണ്ടതു സാധ്യവുമല്ല. വാസ്തവത്തിൽ കർഷകന്മാർക്കു വളരെ കഷ്ടപ്പാടുകളുണ്ടു്. അതിനെപ്പറ്റി പറയുമ്പോൾ സംഗതികളറിഞ്ഞുകൊണ്ടു് വെറും മൂടന്യായങ്ങൾ പറയാതിരിക്കുവാനുള്ള മനസ്ഥിതി നിങ്ങൾക്കു വരേണ്ടതാണു്. ആ മനസ്ഥിതി നിങ്ങളിൽ കാണാത്തപക്ഷം ഞങ്ങളാൽ ആവുന്നതു കഷ്ടപ്പാടുകൾ ഇതിനു പുറത്തുനിന്നും സഹിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

ലും ഇതിനു വേണ്ടി പ്രയത്നമുണ്ടാകാതിരിക്കയില്ല. അതു ഗവണ്മെണ്ടിനു തന്നെ ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാണല്ലോ. ഇനിയും ഞങ്ങളെ ഈ വക കാര്യത്തിൽ കഷ്ടപ്പെടുത്താതിരിക്കണമെന്നു ഉദ്ദേശം ഗവണ്മെണ്ടിനുണ്ടെങ്കിൽ, ഈ രാജ്യത്തെ പ്രജകളെ രക്ഷിക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ഉത്സാഹമായി പ്രയത്നമാണമെന്ന അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

Mr. A. Sankara Poduval.—Sir, I wish to add a few words of mine to the discussion. The resolution relates to the reliefs to be given to the debtors who receive money for agricultural purposes. Now, in formulating various schemes for the relief of the agricultural debtors several proposals were made before this House one of them being the institution of a Land Mortgage Bank. In my speech in support of that resolution I pointed out that it was one of the ways whereby the owners of land can become possessed of money to pay off their debts. I have endeavoured to point out, that so far as the Cochin State is concerned, land is the principal source of our wealth and it behoves the Government to see that land is not on account of the present economic depression allowed to be purchased by a few people in each of the villages who are possessed of ready cash. The Usurious Loans Bill is also another step in affording relief in this direction because it gives relief so far as the rate of interest is concerned. This resolution is a third step in the programme and it proposes to reduce the total amount of the debt and that, I submit, stands to reason. When a definite amount was advanced upon a property, an approximate value would have been put upon the property. Going by the general principle enunciated in the Transfer of Property Act mortgage fairly speaking is expected to advance about two-thirds of the net value of the land so that there is no harm in supposing according to the common law principle enunciated in the Transfer of Property Act that the mortgage debt represents two-thirds of the value of the land at the time when the mortgage was executed. What is the present situation? The present situation has altered circumstances with the result that land has now become 50 per cent less in value. The question is whether it would be right for the creditor to enforce payment of the full mortgage debt upon the security of this property and upon whatever other properties the debtor may possess. I say a reduction in this behalf is very legitimate and fair and all reasonable attempts should be made to see that this scaling down of debts is resorted to. In other words, the Mover of the resolution need not be taken to have meant that these debts should not be paid at all. He only demands that this relief should be given so long as the depression

LIBRARY ARCHIVES Kerala Legislative Assembly

subsists. Therefore, it would be a sane policy to lay down that if a mortgagee, for instance, wants to insist upon the realisation of his money he should not be allowed to sell anything more than two-thirds of the estate secured. That is a practical way of solving the difficulty. Not that the debt should be wiped off entirely. If the creditor wants to take undue advantage of the depressed condition of the ryots all that he should be entitled to realise shall be two-thirds of the estate mortgaged to him. The idea is not a queer or foreign one. In regard to Limited Companies, where shares are issued the share capitals are reduced to get over a crisis, reduced by 75 per cent, 50 per cent or 25 per cent, as the exigencies of the situation may require. Therefore the Hon'ble Mover meant, I take it, that some such procedure may be adopted in regard to the realisation of money charged upon property.

In regard to debts not charged upon property, there also a proportionate ratio might be struck because the purchasing power of money has considerably risen now. What a creditor could have purchased for a rupee five years ago, he can get for 8 annas and even less now. If the creditor insists upon payment of the debt he should not be allowed to realise the full amount of the debt, but only a proportionately reduced amount; so that this resolution goes into the question of reducing the principal debt whereas the Usurious Loans Bill affects the question of interest. A Land Mortgage Bank solves the problem of finding money. This resolution is a very desirable one under which we should put our heads together and see whether the principal amount, in view of the changed conditions of the purchasing power of money, should be reduced. I welcome heartly this resolution, and the principle underlying it. I whole-heartedly support it.

Mr. K. Ayyappan.—I move that the discussion may be closed.

Mr. T. K. Nayar.—I second it.

Rama Varmha Tampuran.—Sir, the Government also have equally well realised the present economic depression and its effects upon the agricultural classes. The several remedial measures that they have suggested bear full testimony to it. The difference of opinion between the Mover and the Government is in the methods suggested to alleviate this trouble. It is well known that the economic depression that prevails now is not going to be a permanent feature of this land. It is a passing phase and naturally therefore the remedies that we suggest should also be more or less of that nature. To suggest a permanent reduction of the principal debt to alleviate a passing trouble is not quite reasonable. I would put a question. Suppose

LIBRARY ARCHIVES Kerala Legislative Assembly

the prices improve and suppose the boon of 1921, 22 and 23 in prices return. Would the House vote for raising the debts and thereby raising the interest that one might get so that he might be able to keep up the standard of life that he is accustomed to? Obviously no. Therefore, Sir, the Government decided that to meet this passing phase of the economic depression the method that the Government should take should be one which will not be a permanent drag on another section of its subjects. If the reduction is only in interest rates, the Government can easily readjust the rates after the depression has passed and restore it to normal conditions. If it is a reduction in capital amount it will not be possible to restore the balance again to its normal state of affairs and if that be not done it would be absolutely unfair and unjust to a class of His Highness' subjects. It was not without reason that this question was not taken up by Government. Among other things a permanent reduction of debts also was one of the points that was considered. It could not be taken up for this specific reason. I do not know whether the Hon'ble Members on the other side have clearly understood me.

Mr. K. M. Ibrahim.—We have.

Rama Varmha Tampuran.—If they have understood me then I don't see how they can disagree with me. Therefore, here is the reason for the difference of opinion between the Government and the non-official side. It is not a difference as to the necessity to do the things necessary to get over the effects of the economic depression. But the difference is in the method. We cannot accept a permanent reduction of the debts because that will be a permanent drag on one class of His Highness' subjects, and it will be unfair to them.

With regard to the Bhavanagar scheme I may point out that it has absolutely nothing to do with the scaling of the volume of debts. What they have adopted is this: The Government took over the loans on behalf of the creditors at their face value and reduced the interest. Either the Government repaid the loans in cash immediately or they asked if the debtors will consent to take money from them at reduced rates. Two alternatives were left open to them and each of the creditors chose what he thought was best to his interest.

Deputy President.—That has no relation to the resolution.

Rama Varmha Tampuran.—There is relation, because the other side was saying that another State had followed the scheme. What it has followed is something different from what is suggested here.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—ഈ വിഷയത്തിൽ എനിക്കു് ഒരു മറുപടി പറയേണ്ട ചുമതല മാത്രം ഉണ്ടെന്നല്ലാതെ അതുകൊണ്ടു് വലിയ കാര്യമൊന്നുമില്ലെന്നാണു് തോന്നുന്നതു്. ഇന്നു് എന്തൊരു മാറ്റമാണു് കൃഷിക്കാരുടെ രക്ഷയ്ക്കു് കൊച്ചീ രാജ്യത്തു ഉണ്ടാകാൻ പോകുന്നതെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട ലീഡർ ഇതിനെ സംബന്ധിച്ചു് ധാരാളം ന്യായമായ വാദങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും ഗവമ്മെണ്ടു ഭാഗത്തു നിന്നാണു് അദ്ദേഹം മറുപടി പറഞ്ഞിട്ടുള്ളതു്. അദ്ദേഹത്തിന്റെ മനസ്സിൽ നന്മ ചെയ്യണമെന്നുദ്ദേശമുണ്ടെന്നു് അനുഭാഗസ്ഥ സാമാജികന്മാരെ ബോദ്ധ്യപ്പെടുത്തുവാനുള്ള ഒരു മറുപടിയായിരിക്കും പറയാനിടയുള്ളതെന്നും ഞാൻ വിചാരിച്ചിരുന്നു. ചുരുക്കി പറയുന്ന പക്ഷം കൺസ്ട്രക്റ്റീവായ ഒരു പ്രൊപ്പോസലല്ല അദ്ദേഹം പറഞ്ഞതു്. ഈ വിഷയത്തിൽ ഒരു ബിൽ ഉണ്ടെന്നു അറിയാം. ഗവമ്മെണ്ടു ബില്ലായിട്ടു് ഒരുതു് ഇവിടെ കൊണ്ടുവന്ന ഉടനെ തന്നെ സിലക്ടു് കമ്മിറ്റിക്കയച്ചാലും കാലതാമസം കൂടാതെ ഈ വക കഴിപ്പങ്ങൾ ഇല്ലാതാകുമോ എന്നാണു ഞാൻ ചോദിയ്ക്കുന്നതു്. (ഹീയർ, ഹീയർ) ഇപ്പോൾ ഗവമ്മെണ്ടു് ഇതിലേയ്ക്കു് ഒരഞ്ചു ലക്ഷം രൂപാ നീക്കിവെച്ചിട്ടുള്ളതായി ഗസറ്റിൽ പരസ്യം ചെയ്ത കാണുന്നുണ്ടു്. ഈ അഞ്ചു ലക്ഷം രൂപാ മാത്രം കൊണ്ടു നാട്ടുകാർക്കു യാതൊരു ഉപകാരവും ഇല്ലെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടാണു് ഞാൻ ഇങ്ങിനെയുള്ള പ്രമേയങ്ങൾകൊണ്ടുവരുന്നതു്. കൃഷിക്കാർക്കു വേണ്ടി എന്തും ചെയ്യാം എന്നു് മേൽ നിലയിൽ പ്രസംഗിച്ചിട്ടു് അവസാനം എന്താണു് ചെയ്തിട്ടുള്ളതു്? ഈ അഞ്ചു ലക്ഷം രൂപാ മാത്രമല്ലേയുള്ളു? ഈ അഞ്ചു ലക്ഷം രൂപായെങ്കിലും കൊടുക്കുവാനുള്ള റൂൾസ് ഫ്രെയിം ചെയ്തിട്ടുണ്ടോ? അതുമില്ല. ഇപ്പോൾ സ്പെഷ്യൽ ലോൺസ് ബിൽ ഗവമ്മെണ്ടു് തന്നെ അവരുടെ വകയിൽ ചില ആളുകളുടെ രക്ഷയ്ക്കു് വേണ്ടി കൊണ്ടു് വന്നിട്ടുള്ളതല്ലാതെ കൃഷിക്കാരുടെ രക്ഷയെ ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ളതല്ല എന്നു തീർച്ചയായിട്ടു ഞാൻ വിശ്വസിയ്ക്കുന്നു. ആ വിശ്വാസം ഗവമ്മെണ്ടിനില്ലെന്നു് എനിയ്ക്കറിയാം. നാങ്ങൾ ആ ഭാഗത്തു നിന്നു ഇത്തരം ഒരു മറുപടി ഇതു വിവരമുള്ള മെമ്പർമാർ പറയുമെന്നു ആലോചിച്ചില്ല. അതിൽ മനസ്താപിക്കാതെ തരമില്ല. ഈ വിഷയത്തിൽ ഭവനഗർ സ്കീമെന്നോ മറ്റോ പറഞ്ഞപ്പോൾ ആ ഭാഗത്തെപ്പിടിച്ചുകൊണ്ടു് മറുപടി പറഞ്ഞു. ഞങ്ങളുടെ സ്കീമിനു് ഭവനഗർ സ്കീമെന്നു പേരൊന്നും വേണ്ട. പേരില്ലാത്തസ്കീമായാലും തരക്കേടില്ല. ഇത്തരം അത്യാവശ്യമായ കാര്യങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനു് സഫലമായ വിധത്തിൽ ഒരുവായി എന്തെങ്കിലും തന്നു ഞങ്ങളെ രക്ഷിക്കണമെന്നേ ആപേക്ഷയുള്ള. ഈ നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

യെ നോക്കിയാൽ ഇന്ന ഈ കൊച്ചീരാജ്യത്തു ക്ഷാമമുണ്ടെന്ന തോന്നമോ? അവിടെയിരിക്കുന്ന മെമ്പർമാരിൽ ആരെങ്കിലും ഈ കൊച്ചീ രാജ്യത്തെ ക്ഷാമം എന്താണെന്നു് അറിയാമോ? വ൦൦ രൂപാ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥൻ എട്ടു കാശു വരുമാനമില്ലാത്ത ഒരാളുടെ സങ്കടമറിയുമോ? ഇത്രയും മനസ്ഥിതി പോരാത്ത ആളുകളാണെന്ന ഞാൻ വിചാരിച്ചിരുന്നില്ല. ബഹുമാനപ്പെട്ട സിക്കുട്ടി അവർകൾ ഇങ്ങിനെയുള്ള വിഷയങ്ങളിൽ ഇനി മേലാലെങ്കിലും ഇപ്രകാരമുള്ള ഒരുമറുപടി പറയാതിരുന്നാൽകൊള്ളാം. നിങ്ങൾ ഈ വിഷയത്തിൽ പറഞ്ഞിട്ടുള്ള മറുപടി ശരിയാണെന്ന എന്ന ഗവമ്മെണ്ടു സൈഡിൽ നിന്നും വീട്ടിൽ ചെന്നിരുന്നു് ആലോചിച്ചാൽ മനസ്സിലാകും.

അതുകൊണ്ടു് ഈ മാതിരിയുള്ള പ്രമേയങ്ങൾ കൊണ്ടുവരുമ്പോൾ എക്കണോമിക്കു് സവ്വെയെന്നും യുസ്വറിയസു ലോൺസു ബില്ലെന്നും മറ്റുമുള്ള നിസ്സാരമായ സംഗതികൾ പറയുന്നതു കൊണ്ടോ അഞ്ചുലക്ഷംരൂപാ കെട്ടിവച്ചിരിക്കുന്നുവെന്ന പറയുന്നതു കൊണ്ടോ കൃഷിക്കാർക്കു യാതൊരു രക്ഷയുമില്ല. ഇതിലധികം കൺസ്റ്റ്റക്ടീവായിട്ടു രു പ്രൊപ്പോസൽ കൊണ്ടുവരുന്നതിനു് ഞങ്ങൾക്കു സാദ്ധ്യമല്ല. പണ്ടത്തെ വിലപ്രകാരമുള്ള വിലയേ വസ്തുടമസ്ഥനോടു ഈടാക്കാവു എന്ന പറയുവാൻ ഞങ്ങൾക്കു ധൈര്യമില്ല. അതിലും കവിഞ്ഞ ഒരു ധൈര്യപ്പെടുവാനും ഞങ്ങൾക്കു സാധിയ്ക്കയില്ല. ഗവമ്മെണ്ടിന്റെ മനസ്ഥിതിയും നാട്ടുകാരുടെ മനസ്ഥിതിയും തമ്മിൽ എങ്ങിനെ ഇരിയ്ക്കുന്ന എന്ന മനസ്സിലാക്കുവാൻ മാത്രമേ ഞങ്ങൾക്കു കഴികയുള്ളു. നാട്ടുകാരുടെ മനസ്ഥിതി ഇന്നതാണെന്ന പറഞ്ഞു കഴിഞ്ഞു. ഗവമ്മെണ്ടിന്റെ മനസ്ഥിതി ഇന്നതാണെന്നുള്ളതു വ്യക്തമായിക്കഴിഞ്ഞാൽ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മിസ്റ്റർ അയ്യപ്പൻ പറഞ്ഞതുപോലെ വരാൻ പോകുന്ന ഭാവിക്കെങ്കിലും അതു വലിയ ഉപകാരമായിരിക്കും എന്നുള്ള വിശ്വാസത്തോടു കൂടി ഞാൻ ഈ പ്രമേയത്തെ പ്രസ്സു ചെയ്യുന്നു.

Resolution put and negatived.

Deputy President.—Mr. Pettah will move the next resolution standing in his name. Oh! he is absent.

Mr. C. J. Mathew—Government Members desire that a poll should be taken.

Mr. P. Kumaran Ezhuthassan.—On a point of order. Sir, I remember the Hon'ble President having called upon Mr. Joseph Pettah to move his resolution No. 13 and after that I do not find any possibility of a poll being demanded by this House.

Mr. Thomas Manjuran.—The Chair has ruled that a oll may be taken.

LIBRARY ARCHIVES Kerala Legislative Assembly

Deputy President.—I have declared that the proposition was carriedand Government side never demanded any poll and I called Mr. Pettah's name to move his resolution. I think no further discussion is necessary. I am not going to take any poll.

Dr. A.R. Menon.—On a point of information, suppose a person has demanded a poll and it so happened that the Chair did not hear!

Deputy President.—I am very near to the Secretary and the Secretary told me only after I called the name of Mr. Pettah.

As themover was then absent the following resolution was considered withdrawn.

Mr. Joseph Pettah.—*This Council recommends to the Government thatas a rule teachers of the Primary and Lower Secondary Departments be posted to schools which are either in, or the nearest possible to, their native villages.*

11. Privilege leave after the date of superannuation.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ഇവിടെ ഞാൻ അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രമേയം ഇങ്ങനെയാണ് എഴുതപ്പെട്ടിട്ടുള്ളതു്.

'*This Council recommends to the Government that the rule allowing Government servants to avail themselves of privilege leave after the date of superannuation may be cancelled*'.

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങളും പറഞ്ഞു കഴിഞ്ഞാൽ ഇതിന്റെ ഗുണദോഷത്തെപ്പറ്റി ബഹുമണ്ഡലിനംഅനുദ്യോഗസ്ഥമെമ്പർമാർക്കും എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിയ്ക്കും. C. S. R. ൽ സൂചിപ്പിച്ചിരിയ്ക്കുന്ന വേഷനെപ്പറ്റിയുള്ള റൂ ൦ ൧൭മത്തെ ഖണ്ഡം ഞാനിവിടെ വായിക്കാം.

"An officer in superior service who has attained the age of 55 years shall, subject to the provisions of article 139—B, be required to retire, unless the Diwan considers that the public interests require his retention and permits him to remain in service. In the case of all officers whose appointments require the issue of a Theettooram from His Highness under the Standing Orders of the Government, retention after the age of 55 years can be allowedonly with the sanction of His Highness."

൧.ഇനി മുമ്പുള്ള രീതി വായിക്കാം''

"An officer in superior service who has attained the age of 55 years shall be required to retire unless the Diwan considers that the public interests require his retention in the service. In the case of all officers whose appointments require the issue of a

LIBRARY ARCHIVES Kerala Legislative Assembly